പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 683

19.03.2013-ൽ മറുപടിക്ക്

## ഹജ്ജ് കർമ്മത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) 2013 വർഷം മുതൽ ഹജ്ജ് കർമ്മത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ അപേക്ഷകർക്കുണ്ടാക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) ഈ നിബന്ധനകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; | : (ബി) ഈ നിബന്ധനകളിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വിദേശകാര്യമന്ത്രി, കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് കത്തയച്ചിട്ടുണ്ട്. |
| (സി) ഹജ്ജ് കർമ്മത്തിന് ഒരാൾക്ക് ഒരിക്കൽ മാത്രം സബ്സിഡി നൽകുക എന്നത് ഏത് വർഷം മുതൽ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നവർക്കാണ് ബാധകമാവുക എന്ന് വ്യക്തമാക്കാമോ ; | : (സി) ഹജ്ജ് കമ്മിറ്റി മുഖേന ഒരിക്കൽ ഹജ്ജ് നിർവ്വഹിച്ചവർ ഹജ്ജ് കമ്മിറ്റി മുഖേന വീണ്ടും ഹജ്ജിന് അപേക്ഷിക്കാൻ പാടില്ലായെന്ന നിബന്ധന ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) വളരെ വർഷങ്ങൾക്ക് മുമ്പ് ഹജ്ജ് കർമ്മം നിർവ്വഹിച്ചവർക്ക് ഇത് ബാധകമാകുമോ ? | : (ഡി) ജീവിതത്തിൽ ഒരിക്കൽ എപ്പോഴെങ്കിലും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവ്വഹിച്ചവർക്ക് ഇത് ബാധകമാണ്. |

സെക്ഷൻ ഓഫീസർ